# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

20.10.2016- ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ
ചോദ്യം നം.3735

### എഞ്ചിനീയറിംഗ് കോളേജുകളിലെ ഒഴിവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | **പ്രൊഫ.സി.രവീന്ദ്രനാഥ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് എഞ്ചിനീയറിംഗ് കോളേജുകളിൽ ഇപ്പോൾ എത്ര സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്നും അവ ഏതെല്ലാം കോളേജുകളിൽ ആണെന്നും വിശദമാക്കുമോ ; | (എ) സംസ്ഥാനത്ത് എഞ്ചിനീയറിംഗ് കോളേജുകളിൽ മെറിറ്റ് സീറ്റിൽ 15647 സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്. സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്ന കോളേജുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| (ബി) എഞ്ചിനീയറിംഗ് വിജയ ശതമാനം സംബന്ധിച്ച വിവരം ലഭ്യമാക്കുമോ ; വിജയ ശതമാനം ഉയർത്തുവാൻ എന്തെങ്കിലും കർമ്മ പരിപാടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;<br><br>(സി) എഞ്ചിനീയറിംഗ് വിജയം 15% ആണെന്ന പൊതുകണക്ക് നിലനിൽക്കുമ്പോൾ 85% വിദ്യാർത്ഥികളുടെ ഭാവി എന്താണെന്ന് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ ;<br><br>(ഡി) ഇത്തരത്തിൽ വിജയ ശതമാനം കുറഞ്ഞു പോകുന്നത് കേരളത്തിന്റെ സാങ്കേതിക രംഗത്തുള്ള ഗുണനിലവാരത്തെ ബാധിക്കുമോ ; ഇക്കാര്യം വിശദമായി പരിശോധിച്ച് പരിഹാരം കണ്ടെത്തുമോ ? | (ബി), (സി) & (ഡി) എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല നടത്തിയ 2015-16 വർഷത്തെ ബി.ടെക് എഞ്ചിനീയറിംഗ് വിജയ ശതമാനം 55.16 ആണ്. എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരവും സൗകര്യവും വിലയിരുത്തുന്നതിനായി എല്ലാ കോളേജുകളിലും എക്സ്പെർട്ട് വിസിറ്റ് കമ്മിറ്റിയുടെ പരിശോധനയും അക്കാഡമിക് ആഡിറ്റും നടത്തിവരുന്നു. കൂടാതെ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് അധിക പരിശീലനം നൽകുന്നതിനായി സ്കോളർ സപ്പോർട്ട് പ്രോഗ്രാമും നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്